ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, ഒരു പ്രത്യേക സമുദായത്തിൽപ്പെട്ട ആളുകൾക്ക് മുഴുവൻ പെൻഷൻ നൽകണമെന്ന കാര്യം ഞാനിപ്പോൾ ആദ്യമായി കേൾക്കുകയാണ്. അതെങ്ങനെ നടക്കുമെന്ന് എനിക്കറിയില്ല. അത് ഇനി പരിശോധിക്കേണ്ടതാണ് പക്ഷേ അതിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക്, ഇപ്പോൾ അസംഘടിത വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്കുവേണ്ടി കേന്ദ്രഗവൺമെന്റ് ഒരു പദ്ധതി കൊണ്ടുവരുന്നുണ്ട്. അതിൽ ഇത് വരും. ഇവിടെത്തന്നെ സ്വർണ്ണം, വെള്ളി തുടങ്ങിയ മേഖലകളിൽ പണിയെടുക്കുന്ന വിശ്വകർമ്മ സമുദായത്തിൽപ്പെട്ട ആളുകൾക്കുള്ള ഒരു സ്കീം നമ്മൾ കൊണ്ടുവരുന്നുണ്ട്. അവർക്ക് പെൻഷൻ കൊടുക്കാനുള്ള സ്കീം കേരള ഗവൺമെന്റ് തന്നെയാണ് കൊണ്ടുവരുന്നത്. ഒരാഴ്ചയ്ക്കകം അത് കൊണ്ടു വരുമെന്നാണ് തൊഴിൽ വകുപ്പുമന്ത്രി പറയുന്നത്. ആ രീതിയിൽ അവശത അനുഭവിക്കുന്ന ഈ വിഭാഗത്തിന് എന്തെങ്കിലും ചെയ്യാൻവേണ്ടി ഗവൺമെന്റ് പരിശ്രമിക്കാം.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, ബഹുമാനപ്പെട്ട ശ്രീ. ടി.യു. രാധാകൃഷ്ണൻ പറഞ്ഞ കാര്യത്തിൽ ഈ വിഭാഗത്തിൽപ്പെടുന്ന തൊഴിലാളികൾ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവരാണ്. ആശാരിമാരുണ്ട്, മരപ്പണിക്കാരുണ്ട്. അവർക്ക് ബിൽഡിംഗ് ആൻഡ് കൺസ്ട്രക്ഷൻ വെൽഫെയർ ഫണ്ടിൽ അംഗങ്ങളാകാനും പെൻഷൻ കിട്ടാനുമുള്ള സംവിധാനമുണ്ട് സ്വർണ്ണപ്പണിക്കാരും ചെമ്പു പണിക്കാരുമുണ്ട്. ഇവരെയെല്ലാംകൂടി ചേർത്ത് ആർട്ടിസാൻസ് എന്ന പേരിൽ അവർക്കൊരു ക്ഷേമപദ്ധതിയുണ്ട്. അത് കുറേക്കൂടി വിപുലപ്പെടുത്തുകയും അതുപോലെ സ്വർണ്ണത്തൊഴിലാളികൾക്കുവേണ്ടി പ്രത്യേകമായ ക്ഷേമനിധി ഈ ഗവൺമെന്റിന്റെ വളരെ സജീവമായ പരിഗണനയിലാണ്. അതിന്റെ നോട്ടിഫിക്കേഷനുള്ള ഘട്ടത്തിൽ എത്തിനിൽക്കുകയാണ്. ഈ ഗവൺമെന്റിന്റെ കാലത്തുതന്നെ അത് നടപ്പാക്കും.

(4) പമ്പ-അച്ചൻകോവിൽ-വൈപ്പാർ പദ്ധതി ഒഴിവാക്കണമെന്ന ആവശ്യം

ശ്രീ. പി. എസ്. സുപാൽ: സർ, പമ്പ-അച്ചൻകോവിൽ-വൈപ്പാർ പദ്ധതി നടപ്പിലാക്കുമെന്നുള്ള പ്രഖ്യാപനം കേരളത്തിലെ ജനങ്ങളെ പ്രത്യേകിച്ചും കൊല്ലം, പത്തനംതിട്ട, ആലപ്പുഴ തുടങ്ങിയ ജില്ലകളിലെ ജനങ്ങളെ കടുത്ത ആശങ്കയിൽ ആഴ്ത്തിയിരിക്കുകയാണ്. ദേശീയ ജലവികസന ഏജൻസി തയ്യാറാക്കി നടപ്പിലാക്കാൻ വിഭാവനം ചെയ്യുന്ന ദേശീയ നദി ബന്ധിപ്പിക്കൽ പദ്ധതിയിലുൾപ്പെടുത്തിയാണ് പമ്പയേയും അച്ചൻകോവിലാറിനേയും ബന്ധിപ്പിച്ച് തമിഴ്നാട്ടിലെ വൈപ്പാർ നദീതടത്തിലേക്ക് ഗതിമാറ്റി വിടുന്നതിനുള്ള പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കിയാൽ കേരളത്തിന് അത് വലിയ നാശം ചെയ്യും. 634 ദശലക്ഷം ഘനമീറ്റർ വെള്ളം തമിഴ്നാട്ടിലേക്ക് തിരിച്ചുവിടാനാണ് ഉദ്ദേശിക്കുന്നത്. വലിയ പാരിസ്ഥിതിക പ്രശ്നങ്ങൾ ഈ പദ്ധതിയുമായി ബന്ധപ്പെട്ടുണ്ടാകും. ഇപ്പോൾ തന്നെ ജലക്ഷാമം നേരിടുന്ന കൊല്ലം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ ഈ പദ്ധതി നടപ്പിലാക്കിയാൽ കൂടുതൽ ജലദൗർലഭ്യം നേരിടുന്ന ഒരു സാഹചര്യ മുണ്ടാകും. അതുപോലെതന്നെ ശബരിമലയേയും ഇത് വളരെ ദോഷകരമായി ബാധിക്കും. തെറ്റായ പഠനങ്ങളുടെ അടിസ്ഥാനത്തിൽ ഈ പദ്ധതി നടപ്പിലാക്കാൻ ഗൂഢാലോചന നടക്കുമ്പോൾ കേരളത്തിന്റെ താത്പര്യം പരിഗണിച്ചുകൊണ്ട് ഈ പദ്ധതി ഉപേക്ഷിക്കുന്നതിന് കേന്ദ്രഗവൺമെന്റിൽ ആവശ്യമായ സമ്മർദ്ദം ചെലുത്തി അതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, അങ്ങ് പറഞ്ഞതിനോട് ഗവൺമെന്റ് പൂർണ്ണമായി യോജിക്കുകയാണ് ഇതിന്റെ മറുപടി രണ്ടുപേജുണ്ട്, എനിക്കിത് പറയാതിരിക്കാൻ നിവർത്തിയില്ല. കാരണം കേരളത്തിലെ ഏറ്റവും സെൻസിറ്റീവായ ഇഷ്യൂ ആയതുകൊണ്ട് ഇത് അങ്ങ് അനുവദിക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. പമ്പ-അച്ചൻകോവിലാർ എന്നീ നദികളിൽ അധികജലമുണ്ടെന്നും അതിന്റെ 20 ശതമാനമായ 634 മില്യൺ ക്യൂബിക് മീറ്റർ അഥവാ 22.5 ടി.എം.സി. അടി ജലം തമിഴ്നാട്ടിലെ വൈപ്പാർ തടത്തിലേയ്ക്ക് തിരിച്ചുവിടണമെന്നാണ് ദേശീയ ജലവികസന ഏജൻസി അവരുടെ പഠന റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുള്ളത്. കേരളത്തിലെ നദികളിൽ അണക്കെട്ടുകൾ നിർമ്മിച്ച് സംഭരിക്കുന്ന ജലം ടണൽ വഴി പശ്ചിമഘട്ടം കടത്തി അവിടെനിന്നും കനാൽവഴി തമിഴ്നാട്ടിലേക്ക് കൊണ്ടുപോകുക എന്നുള്ളതാണ് അവരുടെ സങ്കല്പത്തിലുള്ള പദ്ധതി. എൻ.ഡബ്ല്യു.ഡി.എ.-യുടെ പഠന റിപ്പോർട്ട് കേരളത്തിലെ പമ്പ അച്ചൻകോവിൽ നദികളിൽ അധികജലമുണ്ടെന്നുള്ള മുൻധാരണയോടുകൂടി തയ്യാറാക്കിയിട്ടുള്ളതാണ്. പ്രസ്തുത റിപ്പോർട്ടിൽ കേരളത്തിലെ വേമ്പനാട്ടു കായലിൽ പതിക്കുന്ന രണ്ട് നദികളെക്കുറിച്ചുമാത്രമേ പഠനം നടത്തിയിട്ടുള്ളൂ. കുട്ടനാട് പ്രദേശത്ത് പരിസ്ഥിതി സംരക്ഷണം, ഓരുജല നിർമ്മാർജ്ജനം എന്നിവയൊന്നും ഈ പഠന റിപ്പോർട്ടിൽ പരിഗണിച്ചിട്ടില്ല. ആയതിനാൽ വേമ്പനാട്ട് കായലിൽ പതിക്കുന്ന 6 നദികളെക്കുറിച്ചും സമഗ്രമായി പഠിച്ച് പ്രസ്തുത നദികളിൽ അധികജലമുണ്ടോയെന്ന് കണ്ടെത്താനായി കേരള സർക്കാർ ജലവിഭവ വികസനവും മാനേജുമെന്റും കേന്ദ്രത്തെ സി.ഡബ്ല്യു.ആർ.ഡി.എം.-നെ ചുമതലപ്പെടുത്തുകയുണ്ടായി. സി.ഡബ്ല്യു.ആർ.ഡി.എം.-ന്റെ റിപ്പോർട്ട് പ്രകാരം ഈ നദികളിൽ അധികജലമില്ലെന്നും എ.ഡി. 2050 എത്തുന്നതോടെ രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടാൻ സാധ്യതയുണ്ടെന്നും പ്രത്യേകം ഓർമ്മിപ്പിച്ചിട്ടുണ്ട്. പമ്പ-അച്ചൻകോവിൽ- വൈപ്പാർ സംയോജന പദ്ധതി നടപ്പാക്കുകയാണെങ്കിൽ കേരളത്തിന്റെ നിബിഡവനവും തേക്കിൻതോട്ടവും കൃഷിസ്ഥലങ്ങളുമുൾപ്പെടെ 2004 ഹെക്ടർ ഭൂപ്രദേശം വെള്ളത്തിനടിയിലാകും. പമ്പ-അച്ചൻകോവിൽ നദികളിലെ ശുദ്ധജല വിതരണ പദ്ധതികളുടേയും ജലവൈദ്യുത പദ്ധതികളുടേയും പ്രവർത്തനം അവതാളത്തിലാകും. ശബരിമലയിലെത്തുന്ന തീർത്ഥാടകരേയും പമ്പയിലെ ജലക്ഷാമം ബാധിക്കും. ഓരുവെള്ളം കുട്ടനാട്ടിൽ വർദ്ധിഷ്ണിയാകും. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളിൽ ജനങ്ങളുടെ പദ്ധതിക്ക് പലതരത്തിൽ അത് ദോഷകരമായി ബാധിക്കുകയും ചെയ്യും. കായംകുളം താപവൈദ്യുത നിലയത്തിന് ആവശ്യമായ ജലം ലഭ്യമാക്കാൻ സാധ്യമല്ലാതെ വരും. പദ്ധതി നടപ്പാക്കുന്നതിനെതിരെ N.W.D.A.-യുടെ ജനറൽ ബോഡി മീറ്റിംഗിലും ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി മീറ്റിംഗിലും കേരളം ശക്തമായ കമ്മിറ്റി പ്രതിഷേധം അറിയിച്ചിട്ടുണ്ട്. NWDA-യുടെ 28-ാമത്തെ ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി മീറ്റിംഗിൽ കേരളത്തിലെ പ്രതിനിധികളുടെ അഭാവത്തിൽ പമ്പ-അച്ചൻകോവിൽ-വൈപ്പാർ സംയോജന പദ്ധതി സംബന്ധമായ ഫീസിബിലിറ്റി റിപ്പോർട്ട് അംഗീകരിച്ചതായി മിനിട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. C.W.R.D.M-ന്റെ പഠന റിപ്പോർട്ട് പഠിച്ചതിനുശേഷം സാങ്കേതികമായും ഈ പദ്ധതിക്ക് ദൂഷ്യഫലങ്ങൾ ഉണ്ടെന്ന് തെളിഞ്ഞാൽ പ്രസ്തുത തീരുമാനം പുനഃപരിശോധിക്കുന്നതാണെന്നും അതേ മിനിട്സിൽ തന്നെ ആ കാലഘട്ടത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

രേഖപ്പെടുത്തിയിരുന്നു. കേരള ഗവൺമെന്റ് ഈ തീരുമാനത്തിനെതിരെ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തിയത് N.W.D.A-യെ അറിയിച്ചിട്ടുണ്ട്. N.W.D.A ഏകപക്ഷീയമായി എടുക്കുന്ന തീരുമാനങ്ങൾ സ്വീകാര്യമല്ല എന്നുള്ളതാണ് കേരളത്തിന്റെ നിലപാട്. 17-9-2001-ൽ തിരുവനന്തപുരം സന്ദർശിച്ച കൃഷി സംബന്ധിച്ച പാർലമെന്ററി സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ കേരളം ഈ പദ്ധതിയെ സംബന്ധിച്ച വിവരങ്ങൾ അവതരിപ്പിക്കുകയും പദ്ധതി നടപ്പാക്കിയാൽ കേരളത്തിനുണ്ടാകുന്ന ദോഷത്തെക്കുറിച്ച് ബോദ്ധ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിനെതിരെ കേരള നിയമസഭ 2003 ആഗസ്റ്റ് മാസം 6-ാം തീയതി ഏകകണ്ഠമായി പ്രമേയം പാസ്സാക്കി N.W.D.A.-യെ ആ വിവരം അറിയിച്ചിട്ടുണ്ട്. പമ്പയാറും അച്ചൻകോവിലാറും കേരളത്തിൽ ഉത്ഭവിച്ച് കേരളത്തിലൂടെ മാത്രം ഒഴുകുന്ന സംസ്ഥാന നദികളാണ്. ഭരണഘടന പ്രകാരം സംസ്ഥാന നദികളുടെ നിയന്ത്രണം അതാത് സംസ്ഥാനത്തിനു തന്നെയാണ്. കേരളത്തിന്റെ അതിർത്തിക്കുള്ളിലുള്ള നദികളിലെ വെള്ളം മറ്റ് പ്രദേശങ്ങളിൽ ഉപയോഗിക്കുന്നതിനുമുമ്പ് സംസ്ഥാനത്തിന്റെ സമ്മതം ഒഴിച്ചു കൂടാനാവാത്തതാണ്. മറിച്ചുള്ള എല്ലാ നടപടികളും ഭരണഘടനാവിരുദ്ധമാണ് എന്നുള്ളതാണ് സംസ്ഥാന ഗവൺമെന്റിന്റെ നിലപാട്. നദീസംയോജന പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന പമ്പ-അച്ചൻകോവിൽ-വൈപ്പാർ സംയോജന പദ്ധതി പൂർണ്ണമായും ഉപേക്ഷിക്കണമെന്ന് കേരളം ബന്ധപ്പെട്ട വ്യക്തികളോട് ശക്തിയുക്തം ആവശ്യപ്പെട്ടിട്ടുണ്ട്. ഏറ്റവും ഒടുവിൽ 30-11-2005-ൽ ന്യൂഡൽഹിയിൽ കൂടിയ ജലവിഭവ വകുപ്പുമന്ത്രിമാരുടെ യോഗത്തിൽ ഞാൻ തന്നെ അക്കാര്യം വളരെ പ്രത്യേകമായി പറഞ്ഞിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതി പ്രയോറിറ്റി ലിസ്റ്റിൽനിന്നും മാറ്റിയതായി അന്നത്തെ ജലവിഭവ വകുപ്പുമന്ത്രി അറിയിച്ചിട്ടുണ്ട്. മാത്രമല്ല ഈ ലിസ്റ്റിൽനിന്നും ഈ പദ്ധതിതന്നെ മാറ്റണമെന്നുള്ള നിർദ്ദേശവുമായി കേരള ഗവൺമെന്റ് വീണ്ടും മുന്നോട്ടുപോകുന്നതാണ്.

(5) മമ്പറം പാലം തകർന്നതിനെത്തുടർന്നുണ്ടായ യാത്രാക്ലേശം പരിഹരിക്കണമെന്ന ആവശ്യം

ശ്രീ. എം. വി. ജയരാജൻ: സർ, സ്റ്റേറ്റ് ഹൈവെ 38-ൽപ്പെടുന്നതാണ് മമ്പറം പാലം. കണ്ണൂർ, കൂത്തുപറമ്പ് റൂട്ടിൽ ആ പാലം തകർന്നതിനെത്തുടർന്ന് യാത്രാവാഹനങ്ങളും ചരക്കു വാഹനങ്ങളുമൊക്കെ ഇപ്പോൾ ഗതിമാറ്റി തിരിച്ചുവിടുകയാണ്. ഗതാഗതമാകെ സ്തംഭിച്ചിരിക്കുകയാണ്. കഴിഞ്ഞ ജനുവരി മാസം 4-ാം തീയതിയാണ് പാലം തകർന്നതായി കണ്ടെത്തിയത്. പാലത്തിന്റെ അപകടാവസ്ഥ നേരത്തെ തന്നെ P.W.D. അധികൃതർ മനസ്സിലാക്കിയതാണ്. എന്നിട്ടും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഇപ്പോഴാണെങ്കിൽ വിദഗ്ദ്ധന്മാർ വന്ന് പരിശോധന നടത്തിയപ്പോൾ കണ്ടെത്തിയ അഭിപ്രായം, ഈ പാലം പുതുക്കിപ്പണിയണമെന്നു തന്നെയാണ്. അതുപോലെ ഒരു പുതിയ പാലം പണിയണമെന്നും അഭിപ്രായം വന്നിട്ടുണ്ട്. അതിനിടയിൽ ഈ പാലത്തിന് അപ്പോക്സി കോൺക്രീറ്റ് പോലെ പുതിയ ടെക്നോളജി ഉപയോഗിച്ച് റിപ്പെയർ വർക്ക് നടത്തിക്കഴിഞ്ഞാൽ, യാത്രാവാഹനങ്ങൾ യാത്രക്കാരെ ഇറക്കി വാഹനങ്ങൾ കൊണ്ടുപോകാൻ കഴിയും എന്നാണ് ഇപ്പോൾ വിദഗ്ദ്ധ അഭിപ്രായം വന്നിട്ടുള്ളത്. അതുകൊണ്ട് അടിയന്തര പ്രാധാന്യത്തോടെ ഈ പാലം പുതുക്കി പണിയുന്നതിനും അതോടൊപ്പം പുതിയ പാലം പണിയാനുള്ള പ്രൊപ്പോസൽ അനുസരിച്ചുള്ള

LIBRARY ARCHIVES Kerala Legislative Assembly